31. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക :

ചന്തമേറിയപൂവിലും
ശബളാഭമാം ശലഭത്തിലും
സന്തതം കരതാരിയന്നൊരു
ചിത്രചാതുരി കാട്ടിയും
ഹന്ത! ചാരു കടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണിമന്ദിരത്തിൽ
വിളങ്ങുമീശനെ വാഴ്ത്തുവിൻ

(6 × 4 = 24 Marks)

IV. **മുന്നൂറു** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

32. പൂക്കാതിരിക്കാനെനിക്കാവതില്ലേ എന്ന കവിതയിലെ കൊന്നപ്പൂവിന്റെ ആത്മവിചാരം അവതരിപ്പിക്കപ്പെടുന്നതെങ്ങനെ?

33. തൊഴിലിടങ്ങളിൽ രൂപപ്പെട്ടുവരുന്ന മൂല്യത്തകർച്ചയുടെ അടയാളമാണ് സാക്ഷി എന്ന കഥ - ചർച്ച ചെയ്യുക.

34. ഹാസ്യത്തിന്റെ ഉല്പത്തിയെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ വിവരിക്കുക.

35. ആഗോളവൽക്കരണത്തിന്റേയും കച്ചവടസംസ്കാരത്തിന്റേയും പുതിയ കാലത്ത് അടുക്കള ഒരു രാഷ്ട്രീയ ഇടമാകുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(2 × 15 = 30 Marks)

---



St. Xavier's College



Reg. No. : ..............................

Name : ..................................

# Second Semester B.Com. Degree Examination, September 2023

## First Degree Programme under CBCSS

## Language Course

## Additional Language II – Malayalam

## ML 1211.2 : സാഹിത്യപഠനം - II

## (2021 Admission Onwards)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. ഒരു തോണിയാത്ര ആരുടെ കവിതയാണ് ?

2. മൈക്രോഗ്രീൻ എന്ന രചന ഏത് സാഹിത്യവിഭാഗത്തിൽ ഉൾപ്പെടുന്നു ?

3. മാധവിക്കുട്ടി രചിച്ച ഒരു ചെറുകഥയുടെ പേരെഴുതുക.

4. സഞ്ജയൻ എന്ന തൂലികാനാമത്തിൻ അറിയപ്പെട്ടിരുന്നതാര് ?

5. നളിനി എന്ന കഥാപാത്രം ഏത് കഥയിലേതാണ് ?

6. കൃഷിക്കാരൻ എന്ന കവിത രചിച്ചതാര് ?

7. ഭോപ്പാൽ ദുരന്തത്തെ ആദ്യത്തെ ഗ്ലോക്കൽപാരിസ്ഥിതിക ദുരന്തം എന്ന് വിശേഷിപ്പിച്ചതാര്?

8. ചിരിക്ക് വിഷയമായ ജന്തു എന്ന് മനുഷ്യനെ വിശേഷിപ്പിക്കാമെന്ന് പറഞ്ഞതാര് ?

P.T.O.

9. വിവർത്തനം ചെയ്യുക - "കണ്ണിൽ എണ്ണ ഒഴിച്ചിരിക്കുക".

10. വിവർത്തനം എന്ന അർത്ഥത്തിൽ മലയാളത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ ഏതെല്ലാം?

**(10 × 1 = 10 Marks)**

II. **അൻപതു** വാക്കിൽ കവിയാതെ **എട്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

11. ആസന്നചന്ദ്രോദയഭീതിമൂല-

മാറ്റിൽപ്പതിപ്പാൻ മുതിരുന്നപോലെ - സന്ദർഭവും ആശയവും വ്യക്തമാക്കുക.

12. അന്തരഗ്നിയടങ്ങിക്കിടക്കുമീ

സ്വന്തനീരേ നമുക്കതിജീവനം - ആശയമെന്ത്?

13. ഞാനാദ്യം അപേക്ഷിക്കാനും പോയില്ല, പിന്നെ ഉപേക്ഷിക്കാനും പോയില്ല. എന്താ വേണ്ടതെന്നാലങ്ങെഴുതിക്കോ. നിങ്ങൾക്കല്ലേ ഒക്കെയറിയാവുന്നേ - സന്ദർഭമെന്ത്?

14. അമ്മ വരണ്ട. എനിക്ക് കുറവാണ് - സന്ദർഭമെഴുതുക.

15. അവൾ അയാളെത്തന്നെ നോക്കിനിന്നു, തല്ലപ്പെട്ട മൃഗത്തിന്റെ വന്യമായ നോട്ടം - സന്ദർഭവും ആശയവും വിശദമാക്കുക.

16. ഇവിടെ ആർക്കുവേണ്ടിയും ആദ്യ ബെല്ല് മുഴങ്ങുന്നില്ല. എങ്കിലും ഉണരുമ്പോൾ അതേ ആശങ്കകൾ, പിടച്ചിലുകൾ - ആരുടേതാണീ വാക്കുകൾ? സന്ദർഭമെന്ത്?

17. ഇപ്പോൾ അവർ കാത്തിരിക്കുന്നത് നിങ്ങളെയല്ല, മറ്റൊരാളെയാണ് - സന്ദർഭവും ആശയവും വിശദമാക്കുക.

18. ഇത്ര ദുർഘടമായ വിഷയം വേറെയില്ല. അരിസ്റ്റോട്ടിൽ തുടങ്ങിയ പല ചിന്തകന്മാരേയും അത് വിഷമിപ്പിച്ചിട്ടുണ്ട് - എന്താണ് ഗ്രന്ഥകാരൻ ഉദ്ദേശിക്കുന്നത്?

19. ഒരു നിറം മാത്രമേ തന്നതുള്ളു വിധി

എനിക്കാവതില്ലേ പലവർണ്ണമാകുവാൻ - ആശയം വിശദമാക്കുക.



St. Xavier's College

20. അത് ചൂണ്ടലിന്റെ ഇരയാണ്. ഇരയെ മത്സ്യം ഭക്ഷിക്കും, മത്സ്യത്തെ നമ്മൾ ഭക്ഷിക്കും. എന്താണ് വിവക്ഷിതം?

21. ജർമ്മൻ അധികാരികൾ ചലച്ചിത്രനിർമ്മിതിയ്ക്ക് നേരിട്ടിറങ്ങാനുള്ള കാരണമെന്ത്?

22. Don't mix drink with drive – ഈ പരസ്യവാചകം മലയാളത്തിലേക്ക് മൊഴിമാറ്റുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. അദ്ധ്യാത്മരാമായണം കിളിപ്പാട്ടിന്റെ പാരായണം സൃഷ്ടിച്ച അത്ഭുതകരമായ മാറ്റങ്ങളെ വള്ളത്തോൾ എങ്ങനെയാണ് അവതരിപ്പിക്കുന്നത്?

24. രജീന്ദർപാണ്ഡെ ജനലിന് പുറത്തു കണ്ട കാഴ്ചകൾ എന്തെല്ലാം?

25. സ്ത്രീസ്വത്വത്തിന്റെ ഇച്ഛാശക്തിയെ ശക്തമായി ആവിഷ്കരിക്കുന്ന കഥയാണ് മരപ്പാവകൾ - പരിശോധിക്കുക.

26. പൊതുസ്ഥലത്തുനിന്നും സ്ത്രീകളെ അടുക്കളയിലേക്ക് അയക്കാനിടയാക്കിയ സാമൂഹിക സാമ്പത്തിക കാരണങ്ങൾ എന്തെല്ലാം?

27. പാരിസ്ഥിതിയെക്കുറിച്ച് ലോകം ചിന്തിക്കാൻ ഇടയാക്കിയ സംഭവങ്ങളെക്കുറിച്ച് വിവരിക്കുക.

28. എന്താണ് ലിപ്യന്തരണം? അത് വിവർത്തനത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെടുന്നു?

29. അതിജീവനസാദ്ധ്യതയുള്ള കൃഷിസമ്പ്രദായങ്ങൾ കേരളത്തിൽ നിന്നും നിർമ്മാർജ്ജനം ചെയ്യപ്പെട്ടതിന്റെ കാരണങ്ങൾ എന്തെല്ലാം?

30. അമേരിക്കൻ ചലച്ചിത്രവ്യവസായത്തിന് ഒന്നാം ലോകമഹായുദ്ധത്തിനുശേഷം ഉണ്ടായ മാറ്റങ്ങൾ എന്തെല്ലാം?